

# കുഞ്ഞണ്ണാൻ

• ജോസ് ഗോതുരുത്ത്

കുഞ്ഞണ്ണാനെ കണ്ടെന്നാലോ
എന്തൊരു ചൊടിയാണയ്യയ്യാ...!
ഓടിക്കേറും ചാടിപ്പോകും
എന്തൊരു ചൊടിയാണയ്യയ്യാ!
മേലോട്ടോടും കീഴോട്ടോടും
തക്കിട തരികിട കുതിച്ചു ചാടും
ചില്ല കുലുക്കും വാലു കുലുക്കും
ഛിൽ ഛിൽ എന്നൊരു പാട്ടും പാടും
കുഞ്ഞണ്ണാനെ കണ്ടെന്നാലോ
എന്തൊരു ചൊടിയാണയ്യയ്യാ...!!



# അപ്പൂപ്പൻതാടി

• അസുരമംഗലം
വിജയകുമാർ

പൂങ്കാറ്റിലമ്മാനമാടി
പുല്ലിലും കല്ലിലും ചാടി
പൂമരച്ചില്ലയിലേറി
പൊങ്ങിയും തങ്ങിയും പാറി
പോകുന്നു നല്ലൊരു താടി
തൂവെള്ളയപ്പൂപ്പൻതാടി..!

▸▸ ലോകത്തിലാദ്യമായി ഭൗമ സൂചികാപദവി ലഭിച്ച മരം– നിലമ്പൂർ തേക്ക്